# Athmaraksha.org

മുഖ്യ ദൂതൻമാർ

## വിശുദ്ധ മിഖായേൽ



മാലാഖമാരിൽ പ്രധാനപ്പെട്ടവൻ. 'ദൈവത്തെപ്പോലെ' എന്നാണ് ഈ പേരിന്റെ അർത്ഥം. എല്ലാ തിന്മകളിൽനിന്നും നമ്മളെ കാത്തുരക്ഷിക്കുക എന്നതാണ് ഈ മാലാഖയുടെ ദൗത്യം. ഈ മാലാഖയെപ്പറ്റി ബൈബിളിൽ - ദാനിയേൽ - 10:13,21,12:1 യൂദാസിന്റെ ലേഖനം - 1:9 വെളിപാടിന്റെ പുസ്തകം - 12:7 എന്നിവിടങ്ങളിൽ പ്രദിപാതിക്കുന്നു.

വിശുദ്ധ മിഖായേലിന്റെ ജോലി സാത്താൻ നിങ്ങൾക്കെതിരെ അഴിച്ചുവിടുന്ന ഭീകരമായ ആക്രമണങ്ങളിൽനിന്നു നിങ്ങളെ സംരക്ഷിക്കുകയാകുന്നു. ദുഷ്ടപ്പിശാചിൽനിന്നും അവന്റെ അപകടരമായ കെണികളിൽനിന്നും നിങ്ങളെ മോചിപ്പിക്കുന്നതിന്, തന്റെ മഹാശക്തിയോടെ ഇടപെടുന്നതും സമരത്തിൽ നിങ്ങളോടുകൂടെ ചേരുന്നതും മുഖ്യദൂതനും സാർവലൗകിക സഭയുടെ മദ്ധ്യസ്ഥനുമായ വിശുദ്ധ മിഖായേലാണ്.

അതിനാൽ ലിയോ 13 മൻ മാർപാപ്പ രചിച്ച ഭ്രതോച്ചാടനം ചെയ്യുന്ന ഹ്രസ്വവും എന്നാൽ ഫലപ്രദവുമായ പ്രാർത്ഥന അനുദിനം ചൊല്ലി വിശുദ്ധ മിഖായേലിന്റെ സംരക്ഷണം അഭ്യർത്ഥിക്കുക.

സെപ്റ്റംബർ 29 തിരുസഭ മുഖ്യ ദൂതൻമാരായ വിശുദ്ധ മിഖായേൽ , വിശുദ്ധ ഗബ്രിയേൽ , വിശുദ്ധ റാഫേൽ എന്നിവരുടെ തിരുനാൾ ആഘോഷിക്കുന്നു.